പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3254 21.08.2017-ലെ മറുപടിക്ക്

## കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച കെ.എസ്.ആർ.ടി.സി.ബസ്സുകൾ

<table>
<tr><td></td><td><u>ചോദ്യം</u><br>ശ്രീ. കെ. കുഞ്ഞിരാമൻ</td><td></td><td><u>ഉത്തരം</u><br>ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.യിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്ത കാരണത്താൽ ജില്ലയ്ക്ക് അനുവദിച്ച അഞ്ച് ബസ്സുകൾ മറ്റേതെങ്കിലും ജില്ലകളിലേക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;</td><td rowspan="2">(എ) യും<br>(ബി) യും</td><td rowspan="2">ഉണ്ട്.<br>കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി.ഡിപ്പോയിൽ സർവീസ് നടത്തുന്നതിന് ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന സാഹചര്യത്തിൽ അവിടെ സർവീസ് നടത്തുവാനാകാതെ കിടന്നിരുന്ന 5 അന്തർ സംസ്ഥാന സർവീസിനായി ഉപയോഗിക്കുന്ന ഓർഡിനറി ബസുകളും കൂടാതെ സ്പെയറായി കിടന്നിരുന്ന 3 ഓർഡിനറി ബസുകളും (ആകെ 8 ബസുകൾ) താല്ക്കാലികമായി വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഡിപ്പോയിലേക്ക് മാറ്റി നല്കിയിട്ടുണ്ട്. പുതിയ ഡ്യൂട്ടി ക്രമീകരണം നടപ്പിലാക്കിയതുവഴി ജീവനക്കാരുടെ വിഭവശേഷി കൂടുതലായി ലഭ്യമാകുന്ന മുറയ്ക്കും അന്തർ സംസ്ഥാന കരാറിന്റെ വ്യവസ്ഥകൾക്കും വിധേയമായി സമീപഭാവിയിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.</td></tr>
<tr><td>(ബി)</td><td>ജില്ലയിൽ മംഗലാപുരം - കാസർഗോഡ്, ചന്ദ്രഗിരി - കാഞ്ഞങ്ങാട്, കാസർഗോഡ് - കണ്ണൂർ എന്നീ റൂട്ടുകളിൽ അനുവദിച്ച ടൗൺ ടു ടൗൺ സർവ്വീസുകൾ നല്ല ലാഭത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ജീവനക്കാരില്ല എന്ന കാരണം കൊണ്ട് മാത്രം മാറ്റി നൽകപ്പെട്ട ബസുകൾ ജില്ലയിൽ തന്നെ സർവ്വീസ് നടത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**